File No.LSGD-FM2/206/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ സർവീസ് ടാക്സ് കുടിശ്ശിക തനതു ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.920/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/05/2020**

---

പരാമർശം:- 1 കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/10/2019 ലെ A11/7657/19 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 16/02/2020 ലെ PAN/15686/2019-G1 (DP) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2007-08 മുതൽ 2012 -13 വരെയുള്ള കാലയളവിലെ സേവന നികുതിയിനത്തിൽ സെൻട്രൽ എക്സൈസ് & സർവീസ് ടാക്സ് ഡിപ്പാർട്മെന്റിൽ ഒടുക്കുവാനുള്ള തുക യഥാ സമയം അടയ്ക്കാത്തതിനെത്തുടർന്ന് അഡീഷണൽ പെനാൽറ്റി ഉൾപ്പെടെ 9,49,794/- രൂപ കുടിശ്ശികയുണ്ടെന്നും, സേവന നികുതി കുടിശ്ശികകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിനായുള്ള കേന്ദ്ര സർക്കാരിന്റെ Sab ka Viswas – legacy Dispute Resolution Scheme 2019 എന്ന പദ്ധതി പ്രകാരം നിലവിലുള്ള കുടിശ്ശിക കേസുകൾ തീർപ്പാക്കുന്നതിന് 50% മുതൽ 70% വരെ ഇളവ് ലഭിക്കുമെന്നും, ഇളവ് പൂർണമായി ലഭിക്കുവാൻ സാധ്യതയില്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത പദ്ധതി പ്രകാരം കിട്ടുന്ന ഇളവുകൾ ഉപയോഗിച്ച് തനത് ഫണ്ടിൽ നിന്നും കുടിശ്ശിക അടയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിന്റെ sab ka Viswas – legacy Dispute Resolution Scheme 2019 പദ്ധതിയിൽ ഉൾപ്പെടുത്തി ,കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന് 2007-08 മുതൽ 2012 -13 വരെയുള്ള കാലയളവിൽ സേവന നികുതിയിനത്തിൽ സെൻട്രൽ എക്സൈസ് & സർവീസ് ടാക്സ് ഡിപ്പാർട്മെന്റിന് ഒടുക്കുവാനുള്ള തുക (NET AMOUNT) തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനിൽ കുമാർ ജി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ